**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6253** **10-11-2021 - ൽ മറുപടിയ്ക്ക്**

**വടകര വില്യാപ്പള്ളി ചേലക്കാട് റോഡ് പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വടകര വില്യാപ്പള്ളി ചേലക്കാട് റോഡ് പ്രവൃത്തിയുടെ അലൈൻമെന്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്ന് വിശദവിവരങ്ങൾ സഹിതം അറിയിക്കാമോ; | (എ) | ഉണ്ട്. സാമ്പത്തികാനുമതിക്കായി ഡി.പി.ആർ-നൊപ്പം സമർപ്പിച്ച അലൈൻമെന്റിന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡ് പ്രവൃത്തിയുടെ അലൈൻമെന്റ് മാർക്ക് ചെയ്യുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്നറിയിക്കാമോ; | (ബി) | അലൈൻമെന്റ് മാർക്ക് ചെയ്യുന്നതിനുള്ള നടപടികളുടെ ഭാഗമായുള്ള സർവ്വെ കിഫ്ബി സാങ്കേതിക വിഭാഗത്തിന്റെ സഹായത്തോടെ പുരോഗമിക്കുന്നു |
| (സി) | എത്ര വീതിയിലാണ് റോഡ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; | (സി) | 12 മീറ്റർ |
| (ഡി) | പ്രസ്തുത റോഡ് ഫ്രീ സറണ്ടർ വഴി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതാണോ എന്നറിയിക്കാമോ; ആണെങ്കിൽ നിലവിലെ റോഡിന്റെ സെൻട്രൽലൈൻ ആസ്പദമാക്കിയാണോ സ്ഥലമെടുപ്പ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; | (ഡി) | പ്രസ്തുത റോഡ് ഫ്രീ സറണ്ടർ ആയി ഭൂമി വിട്ടുനൽകിയുള്ള നിർമ്മാണത്തിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. നിലവിലുള്ള റോഡിന്റെ സെൻട്രൽ ലൈൻ ആസ്പദമാക്കിയല്ല സ്ഥലമെടുപ്പ് നടത്തുന്നത്. അംഗീകരിച്ച അലൈൻമെന്റ് അടിസ്ഥാനമാക്കിയാണ് സ്ഥലം ഏറ്റെടുക്കുന്നത്. |
| (ഇ) | ആയതിനായി ഭൂവുടമകളുടെ സ്ഥലം വിട്ടുനൽകുന്ന നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (ഇ) | സ്ഥലമേറ്റെടുക്കുന്നതിനുള്ള സർവ്വെ നടപടികൾ കിഫ്ബി സാങ്കേതിക വിഭാഗത്തിന്റെ സഹായത്തോടെ പുരോഗമിക്കുന്നു. |
| (എഫ്) | പ്രസ്തുത റോഡ് പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി എപ്പോൾ നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (എഫ്) | സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ